വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിയന്ത്രണങ്ങൾ

66 [5622] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹന അപകടങ്ങൾ നിയന്ത്രിക്കുവാൻ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സും ലോറിയും ഉൾപ്പെടെയുള്ള ഹെവി വെഹിക്കിളുകൾ ഓടിക്കാനുള്ള ലൈസൻസ് നൽകാനായി അപേക്ഷകൻ 5 വർഷം അപകടം ഉണ്ടാക്കാതെ വാഹനം ഓടിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം എന്ന വ്യവസ്ഥ മോട്ടോർ നിയമത്തിൽ ഏർപ്പെടുത്തണമെന്ന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) 30 വയസ്സിനു താഴെ പ്രായമുള്ളവർക്ക് ബസ്സ് ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകരുതെന്ന ശുപാർശ സർക്കാരിന് മുന്നിലുണ്ടോ; എങ്കിൽ ആയത് ആരുടെ ശുപാർശയാണ് എന്ന് പറയാമോ; ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് ഇപ്പോൾത്തന്നെ കേന്ദ്ര നിയമത്തിലൂടെ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന നിയമം (4) (6) (7) ഇവ അനുസരിച്ച് പതിനെട്ടു വയസ്സു തികയാത്തവർക്ക് വാഹനം ഓടിക്കാൻ പാടില്ല. ട്രാൻസ്പോർട്ട് വാഹനം ഓടിക്കാൻ ഇരുപത് വയസ്സ് തികഞ്ഞിരിക്കണം. വലിയ വാഹനങ്ങൾ ഓടിക്കാൻ ലൈറ്റ് വാഹനം ഓടിച്ച് ഒരു വർഷത്തിൽ കുറയാത്ത പരിചയം ഉള്ളവർക്കു മാത്രമേ ലൈസൻസ് നൽകാൻ പാടുള്ളൂ. തുടർച്ചയായി വാഹന അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടേയും സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കും, മദ്യപാനികൾക്കും മറ്റു ലഹരി പദാർത്ഥങ്ങൾക്ക് അടിമയായവർക്കും വാഹനങ്ങൾ ഓടിക്കാൻ ലൈസൻസ് നൽകുകയില്ല. കൂടാതെ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള ടെസ്റ്റ് കർശനമാക്കിക്കൊണ്ട് ട്രാൻസ്പോർട്ട് കമ്മീഷണർ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കിവരുന്നുണ്ട്.

(ബി) ഇത്തരത്തിൽ ഒരു ഉറപ്പു വരുത്താൻ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതാണ്. ഇതിന് കേന്ദ്ര സർക്കാരാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനെക്കുറിച്ച് പഠനം നടത്തുവാൻ സർക്കാർ ജി.ഒ. (എംഎസ്.) നം. 55/97/പി.ഡബ്ലിയു.ആന്റ് റ്റി. നമ്പരായി 9-5-1997-ൽ ഒരു ഉന്നതാധികാര കമ്മിറ്റി (ഹൈ ലെവൽ കമ്മിറ്റി) രൂപീകരിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും പ്രിൻസിപ്പൽ സെക്രട്ടറി (ഗതാഗതം) കൺവീനറും ആയ ടി കമ്മിറ്റി സർക്കാരിലേക്ക് റോഡപകടങ്ങൾ കുറയ്ക്കുന്നതിനെക്കുറിച്ച് പല ശുപാർശകളും നൽകുക

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായി. ഈ റിപ്പോർട്ടിൽ അഞ്ചാമത്തെ അദ്ധ്യായത്തിൽ 10-ാം ഖണ്ഡികയിൽ, വലിയ വാഹനങ്ങൾ (ലോറി, ബസ്സ് മുതലായവ) ഓടിക്കുന്ന ഡ്രൈവർമാർക്ക് കൂടുതൽ പക്വതയും, പരിചയവും ആവശ്യമുള്ളതുകൊണ്ട്, ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് കുറഞ്ഞത് മുപ്പത് വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കണമെന്നും, കൂടാതെ ഇത്തരം വലിയ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് 60 (അറുപത്) വയസ്സ് കവിയാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്യണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു മാനദണ്ഡം വരുത്തുവാൻ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ (സെക്ഷൻ 6-ൽ) മാറ്റം വരുത്തേണ്ടതു കൊണ്ട്, ഇതിന് കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

കോട്ടയം-എറണാകുളം റൂട്ടിൽ ബസ്സുകളുടെ അമിതവേഗതമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി

67 [5623] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-എറണാകുളം റൂട്ടിൽ എത്ര ലിമിറ്റഡ് സ്റ്റോപ്പ് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ബസ്സുകളുടെ അമിതവേഗതമൂലം സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി.-യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

68 [5624] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി.-യിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഹഡ്കോയിൽനിന്നും നൂറു കോടി രൂപാ വായ്പയെടുത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ 850 ബസ്സുകൾ റോഡിലിറക്കാൻ കെ. എസ്. ആർ. ടി. സി. ഉദ്ദേശിക്കുന്നു. പഴക്കം ചെന്ന പഴയ ബസ്സുകൾക്ക് പകരമായും പുതിയ റൂട്ടുകൾക്കുമായും ഈ ബസ്സുകൾ ഉപയോഗിക്കാൻ പദ്ധതിയുണ്ട്. ബസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ബസ്

LIBRARY ARCHIVES Kerala Legislative Assembly